(ഇ) സെറിഫെഡിന്റെ കീഴിൽ ആലപ്പുഴയിലെ പട്ടണക്കാടും, കാസർകോഡ് ഉദുമയിലും രണ്ട് യൂണിറ്റുകളുണ്ട്. പാലക്കാട് പട്ടികജാതി വനിതാ ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ കീഴിലും, സെട്രൽ സിൽക് ബോർഡിന്റെ കീഴിലും ഓരോ യൂണിറ്റുകൾ പ്രവർത്തിക്കുന്നു.

(എഫ്) ജില്ലകളിലും, യൂണിറ്റുകളിലും സംഭരിക്കുന്ന കൊക്കൂണുകൾ ഈ സെന്ററുകളിൽ ആദ്യമായി തരംതിരിച്ചു അവയെ സ്റ്റെഫിൽ (പ്യൂപ്പയെ കൊല്ലുന്ന വിധം) ചെയ്യുന്നു. അതിനു ശേഷം ഇവയെ റിലീംഗ് മെഷീനുകളിൽ റീൽ ചെയ്ത് നൂലാക്കി മാറ്റുന്നു. ഇപ്രകാരം മാറ്റിയ നൂലുകൾ റീലുകളിൽനിന്ന് വേർപ്പെടുത്തി റീ-റീലിംഗ് ചെയ്തശേഷം അവ ഈർപ്പമില്ലാതാക്കി ശുദ്ധീകരിച്ച് രണ്ടോ നാലോ കിലോ വരുന്ന സ്കീനുകളാക്കി കെട്ടി സൂക്ഷിച്ചു മാർക്കറ്റ് ചെയ്യുന്നു.

മൾബറികൃഷി വ്യാപകമാക്കുവാൻ നടപടി

28 (2025) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മൾബറികൃഷി വ്യാപകമാക്കുവാൻ പദ്ധതി ഉണ്ടോ ; ഉണ്ടെങ്കിൽ ഏതൊക്കെ ജില്ലകളിലാണ് കൃഷി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത് ;

(ബി) ഇതുസംബന്ധിച്ച് എന്തൊക്കെ സഹായമാണ് കൃഷിക്കാർക്കു നൽകുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) മൾബറി കർഷകരുടെ ഉൽപ്പന്നം വിപണനം നടത്താനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. 14 ജില്ലകളിലും ഇപ്പോൾത്തന്നെ മൾബറികൃഷി ആരംഭിച്ചിട്ടുണ്ട്. കൂടുതൽ സ്ഥലങ്ങളിൽ കൃഷി വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു.

(ബി) കർഷകർക്ക് താഴെപ്പറയുന്ന സഹായങ്ങൾ നൽകുന്നുണ്ട് :

1. നടീൽ സബ്സിഡിയായി ഏക്കർ 1-നു 2,500 രൂപ.
2. ജലസേചന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനു ഏക്കറിനു 8,800 രൂപ അഥവാ, 16,000 രൂപവരെ ഭൂമിയുടെ സ്വഭാവം അനുസരിച്ചു സഹായം.
3. കർഷകർക്ക് സ്റ്റൈപ്പന്റോടുകൂടിയ പരിശീലനം.
4. സെറികൾച്ചർ വ്യവസായത്തിൽ ഏർപ്പെട്ടിട്ടുള്ളവർക്കായിട്ടുള്ള പഠനയാത്രകൾ.
5. മാതൃക കൃഷിത്തോട്ടമായി നടത്തുന്ന തെരഞ്ഞെടുത്ത മൽബറി കൃഷിക്കാരന് 5,000 രൂപ മാതൃകാതോട്ട സബ്സിഡി.

LIBRARY ARCHIVES Kerala Legislative Assembly

6. പുഴുവളർത്തുന്നതിനുവേണ്ട പുരനിർമ്മിക്കുവാൻ ഏക്കറൊന്നിന് 10,000 രൂപാ വരെ സബ്സിഡി.

7 കൊക്കൂണിന് താങ്ങുവില.

8. കൊക്കൂൺ ഉൽപാദനക്ഷമത കൈവരിക്കാൻ കർഷകർക്ക് 18 രൂപ (ബൈ വോൾട്ടയിൽ ഇനം) പ്രോത്സാഹന സഹായം.

9. ബൈവോൾട്ടയിൽ ഇനം പുഴുക്കൾക്ക് സംപൂർണ്ണ ഇൻഷ്വറൻസ് പദ്ധതി (മുഴുവൻ പ്രീമിയവും സെറിഫെഡ് വഹിക്കുന്നതാണ്.)

10. റിലീംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിലേയ്ക്കുവേണ്ടി നിർമ്മാണചെലവിന്റെ 25% പരമാവധി ഒരു ലക്ഷം രൂപവരെ സബ്സിഡി.

11. സെറിഫെഡുമായി അഫിലിയേറ്റ് ചെയ്തു നടത്തുന്ന പ്രൈമറി സെറികൾച്ചർ സൊസൈറ്റികൾക്കുള്ള മാനേജീരിയൽ ഗ്രാന്റ്, ഫർണ്ണിച്ചർ ഗ്രാന്റ്, ഷെയർ പാർട്ടിസിപ്പേഷൻ ഗ്രാന്റ്, കൂടാതെ ബൈവോൾട്ടയിൽ കൊക്കൂൺ സംഭരിച്ചു തരുന്നതിനുള്ള ഇൻസെന്റീവ്.

(ബി) സംസ്ഥാനത്ത് എല്ലാ ജില്ലകളിലും കൊക്കൂൺ വിപണനം നടത്തുന്നതിനുള്ള സൗകര്യമുണ്ട്. 14 ജില്ലാ ആഫീസുകളും വിപണനകേന്ദ്രങ്ങളായി പ്രവർത്തിക്കുന്നു. കൂടാതെ സെറിഫെഡിന്റെ കാസർകോഡും ആലപ്പുഴയിലുമുള്ള റീലിംഗ് യൂണിറ്റുകളിലും കൊക്കൂൺ സംഭരിക്കുന്നു. പ്രൈമറി സഹകരണ സംഘങ്ങൾ വഴി കൊക്കൂൺ സംഭരിക്കുന്നതിനുള്ള പദ്ധതിയും ആവിഷ്ക്കരിച്ചു നടപ്പിലാക്കിവരുന്നുണ്ട്.

ഫോം മാറ്റിംഗ്സ് ലിമിറ്റഡിന്റെ പ്രവർത്തനങ്ങൾ

29 (2026) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ഫോം മാറ്റിംഗ്സ് ലിമിറ്റഡിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ;

(ബി) ഫോം മാറ്റിംഗ്സ് ലിമിറ്റഡിൽ എത്ര പേർ ജോലി ചെയ്യുന്നുണ്ട് ; ഇതിൽ സ്ഥിരനിയമനം ലഭിച്ചിട്ടുള്ളവർ എത്ര പേർ ; താല്ക്കാലിക നിയമനം ലഭിച്ചിട്ടുള്ളവർ എത്ര പേർ ; ഇവർ ഏതെല്ലാം തസ്തികകളിൽ ജോലി ചെയ്യുന്നു ; വിശദവിവരം വ്യക്തമാക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര നിയമനങ്ങൾ നൽകിയിട്ടുണ്ട് ; ഏത് അടിസ്ഥാനത്തിൽ ; വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) ഫോം മാറ്റിംഗ്സിൽ പുതിയതായി എത്ര നിയമനങ്ങൾ നടത്താനാണ് ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ ; താൽക്കാലിക അടിസ്ഥാനത്തിലാണോ സ്ഥിര നിയമനമാണോ നടത്താൻ ഉദ്ദേശിക്കുന്നത് ; ഏതെല്ലാം തസ്തികകളിൽ ; നിയമന രീതി എങ്ങനെയാണെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly